# Pathways പദ്ധതികൾ മറ്റു ഭാഷകളിൽ ഉപയോഗിക്കുന്നതിനുള്ള ദ്രുതാരംഭ വഴികാട്ടി

**ഇംഗ്ലീഷ് കുറച്ച് പരിജ്ഞാനമുള്ളവരോ, Base Camp നിലവിൽ പരിചയമുള്ളവരോ ആയ അംഗങ്ങൾക്കാണ് ഈ ദ്രുതാരംഭ വഴികാട്ടി ശുപാർശ ചെയ്യപ്പെടുന്നത്. അംഗങ്ങളിൽ ഇംഗ്ലീഷിൽ പരിജ്ഞാനം കുറഞ്ഞവരും, Base Camp പരിചിതമല്ലാത്തവരും ദയവായി വിശദമായ വഴികാട്ടി ഉപയോഗിക്കുക.**


ആമുഖം ........ 2
വഴിത്താരാ വിവരണങ്ങൾ ........ 2
മലയാളം പിഡിഎഫ് പദ്ധതികൾ കണ്ടെത്തേണ്ടത് എങ്ങനെ ........ 6
ഒരു മലയാളം പി ഡി എഫ് പദ്ധതി പൂർത്തിയാക്കുന്നതിന്റെ അംഗീകാരം ലഭിക്കുന്നതെങ്ങനെ ........ 7
നിങ്ങളുടെ ഇംഗ്ലീഷ് ഡിജിറ്റൽ വഴിത്താരയിലെ ഒരു നിലയുടെ അംഗീകാരം എങ്ങനെ നേടാം ........ 10
നിങ്ങളുടെ ഇംഗ്ലീഷ് ഡിജിറ്റൽ വഴിത്താരയുടെ അംഗീകാരം എങ്ങനെ നേടാം ........ 12



This Malayalam translation of 922 Quick Start Guide to Using Pathways in Additional Languages was prepared by an independent Translation and Review team consisting of Toastmasters International members on an unpaid volunteer basis. It has not been assessed by Toastmasters International World Headquarters. Toastmasters International World Headquarters is not responsible for quality, accuracy, errors, omissions, or any potential legal issues that may arise from use of these materials.

ML922 Pathways പദ്ധതികൾ മറ്റു ഭാഷകളിൽ ഉപയോഗിക്കുന്നതിനുള്ള ദ്രുതാരംഭ വഴികാട്ടി എന്നതിന്റെ മലയാളപരിഭാഷ Toastmasters International-ലെ അംഗങ്ങളുടെ ഒരു സ്വതന്ത്ര തർജ്ജമാ-പുനഃപരിശോധനാസമിതിയുടെ പ്രതിഫലമില്ലാത്ത സന്നദ്ധ സേവനത്തിലൂടെയാണ് തയാറാക്കിയത്. ഇത് Toastmasters International ലോക ആസ്ഥാന കാര്യാലയം പരിശോധിച്ചിട്ടില്ല. ഈ സാമഗ്രികളിലെ ഗുണനിലവാരം, കൃത്യത, തെറ്റുകൾ, വിട്ടുപോകലുകൾ, ഇവയുടെ ഉപയോഗത്തിൽ നിന്നുണ്ടായേക്കാവുന്ന നിയമപ്രശ്നങ്ങൾ എന്നിവക്ക് Toastmasters International ലോക ആസ്ഥാന കാര്യാലയം ഉത്തരവാദിയല്ല.



**TOASTMASTERS INTERNATIONAL**

www.toastmasters.org



© 2021 Toastmasters International. എല്ലാ അവകാശങ്ങളും നിക്ഷിപ്തം. Toastmasters International, Toastmasters International-ന്റെ അടയാളചിഹ്നം, മറ്റ് വ്യാപാരമുദ്രകൾ, പകർപ്പവകാശങ്ങൾ എന്നിവ Toastmasters International-ന്റെ മാത്രം സ്വത്ത് ആയിരിക്കുന്നതും, അനുമതിയോടെ മാത്രം ഉപയോഗിക്കാവുന്നതുമാണ്.



Rev. 05/2021 ഇനം ml-IN922

## ആമുഖം

അറബി, ലളിതചൈനീസ്, പരമ്പരാഗത ചൈനീസ്, ഇംഗ്ലീഷ്, ഫ്രെഞ്ച്, ജർമ്മൻ, ജാപ്പനീസ്, കൊറിയൻ, പോർച്ചുഗീസ്, സ്പാനിഷ്, തമിഴ് എന്നി ഭാഷകളിലെ Pathways പദ്ധതികൾക്ക് ഈ വഴികാട്ടി ബാധകമല്ല. ഈ ഭാഷകളിൽ ഡിജിറ്റൽ Pathways വഴിത്താരകൾ വാങ്ങാൻ ലഭ്യമാണ്.

ചില Pathways പദ്ധതികൾ ഒന്നോ അതിലധികമോ ഡിസ്ട്രിക്ട് തർജ്ജമ സംഘങ്ങൾ മുഖേന മലയാളത്തിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ട്. ഇവ ഡൗൺലോഡ് ചെയ്യാവുന്ന PDF-കൾ ആയി Basecamp-ൽ ലഭ്യമാണ്. എന്നാൽ പൂർണമായ ഡിജിറ്റൽ അനുഭവം മലയാളത്തിൽ തത്കാലം ലഭ്യമല്ല.

മലയാളത്തിൽ പൂർത്തിയാക്കുന്ന പദ്ധതികൾ, നിലകൾ, വഴിത്താരകൾ, എന്നിവയുടെ അംഗീകാരം ലഭിക്കുവാൻ ഇംഗ്ലീഷിലെയോ (മറ്റ് ലഭ്യമായ ഭാഷകളിലെയോ) ഡിജിറ്റൽ വഴിത്താര വാങ്ങുകയും അവയിൽ പദ്ധതികൾ, നിലകൾ, വഴിത്താരകൾ, എന്നിവ പൂർത്തിയായതായി Base Camp-ൽ സൂചിപ്പിക്കുകയും വേണം. ഇംഗ്ലീഷ് പദ്ധതികൾക്ക് പകരം മലയാളം PDF പദ്ധതികൾ ഉപയോഗിക്കാൻ ഇത് നിങ്ങളെ അനുവദിക്കും. നിങ്ങൾ മലയാളത്തിലുള്ള പദ്ധതികളാണ് പൂർത്തിയാക്കുന്നതെന്ന് നിങ്ങളുടെ ക്ലബ് ഭാരവാഹികളെ അറിയിക്കാൻ മറക്കരുത്.

ഒരോ വഴിത്താരയെ പറ്റിയും ഒരു വിവരണം താഴെ കാണാം. വഴിത്താരയിലെ എല്ലാ പദ്ധതികളും ഇപ്പോൾ മലയാളത്തിൽ ലഭ്യമായിരിക്കില്ല. എങ്കിലും, ഇവയിൽ ഏത് വഴിത്താരയാണ് നിങ്ങളുടെ ലക്ഷ്യങ്ങൾക്കും പഠനാവശ്യങ്ങൾക്കും ഉചിതമെന്ന് പരിഗണിക്കണം. നിലവിലുള്ള പദ്ധതിലഭ്യത അറിയാൻ, **ഇവിടെ ക്ലിക്ക് ചെയ്യുക**.

## വഴിത്താരാ വിവരണങ്ങൾ

**ചലനാത്മക നേതൃത്വം**

ഈ വഴിത്താര നിങ്ങളുടെ നയപരമായ നേതൃത്വപാടവം കെട്ടിപ്പടുക്കുവാൻ സഹായിക്കുന്നു. നേതൃത്വ-ആശയവിനിമയ ശൈലികൾ, ഒരു സംഘത്തിൽ സംഘർഷത്താലുണ്ടാവുന്ന ഫലങ്ങൾ, സംഘർഷങ്ങൾക്ക് ക്ഷയം വരുത്താനോ അവയ്ക്ക് ദിശാബോധം നൽകാനോ ഉതകുന്ന നൈപുണ്യം, ഇവ മനസ്സിലാക്കുന്നതിൽ ഈ വഴിത്താരയിലെ പദ്ധതികൾ ശ്രദ്ധകേന്ദ്രീകരിക്കുന്നു. കൂടാതെ, ഒരു സ്ഥാപനത്തിലോ സംഘത്തിലോ മാറ്റങ്ങൾ സുഗമമാക്കുന്നതിനുള്ള തന്ത്രങ്ങൾ, വ്യക്തിഗത ആശയവിനിമയം, പൊതുപ്രസംഗം എന്നിവയുടെ വികസനത്തിലും ഈ വഴിത്താര ഊന്നൽ നൽകുന്നു. നിങ്ങളുടെ നേതൃത്വപാടവം പ്രയോഗിക്കുന്നതിൽ ഊന്നൽ നൽകുന്ന പദ്ധതിയിലാണ് ഈ വഴിത്താര പൂർണമാവുന്നത്.



## ഫലപ്രദമായ പരിശീലനം

ഗുണാത്മക ആശയ സംവേദകനും നേതാവും എന്ന നിലയിൽ നിങ്ങളുടെ കഴിവുകളെ വളർത്തുന്നതിന് ഈ വഴിത്താര സഹായിക്കുന്നു. അഭിപ്രായൈക്യം ഊട്ടിയുറപ്പിക്കുന്നതിനും, പരിശീലനത്തിലൂടെ മറ്റുള്ളവരുടെ ഉന്നമനത്തിന് ശ്രമിക്കുന്നതിനും, സുശകതമായ പൊതുപ്രഭാഷണനൈപുണ്യം ഉറപ്പിക്കുന്നതിനും ഈ വഴിത്താരയിലെ പദ്ധതികൾ ശ്രദ്ധകേന്ദ്രീകരിക്കുന്നു. ഓരോ പദ്ധതിയും വ്യക്തികൾക്കിടയിലെ ഫലപ്രദമാ ആശയവിനിമയത്തിന്റെ പ്രാധാന്യത്തിന് ഊന്നൽ നൽകുന്നു. നിങ്ങളുടെ ഭാവനയ്ക്ക് അനുസരിച്ചുള്ള "ഉന്നത പ്രകടനമുള്ള നേതൃത്വം" എന്ന പദ്ധതിയിൽ ആണ് ഈ വഴിത്താര പൂർണ്ണമാവുന്നത്.



## നർമ്മഭാഷണം

ഈ വഴിത്താര പരിപൂർണനായ പൊതു പ്രഭാഷകൻ എന്ന നിലയിലുള്ള നിങ്ങളുടെ കഴിവുകളെ വളർത്താൻ സഹായിയ്ക്കുന്നു. വിവിധ തരത്തിലുള്ള നർമ്മങ്ങളോട് സദസ്യർ എങ്ങനെ പ്രതികരിയ്ക്കുന്നു എന്ന് മനസ്സിലാക്കുന്നതിലും നർമ്മത്തോടെ ഒരു സന്ദേശം നൽകുവാനുള്ള നിങ്ങളുടെ കഴിവിനെ മെച്ചപ്പെടുത്തുന്നതിലും ഈ വഴിത്താരയിലെ പദ്ധതികൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഫലപ്രദമായ പൊതുപ്രഭാഷണ തന്ത്രങ്ങൾ, പ്രസംഗരചന, പ്രസംഗാവതരണം, നർമ്മകഥകളുടെ പ്രയോഗം എന്നിവയിലുള്ള ധാരണ വികസിപ്പിക്കുന്നതിന് ഈ പദ്ധതി സഹായിക്കുന്നു. നിങ്ങൾ പഠിച്ചതെല്ലാം പ്രയോഗിക്കാൻ അനുവദിക്കുന്ന ഒരു മികച്ച പ്രസംഗത്തോടെയാണ് ഈ വഴിത്താര പൂർണ്ണമാവുന്നത്.



## സർഗ്ഗാത്മക ആസൂത്രണം

പൊതുപ്രഭാഷകൻ, നേതാവ് എന്ന നിലകളിലുള്ള നിങ്ങളുടെ കഴിവുകൾ വളർത്താൻ ഈ വഴിത്താര സഹായിക്കുന്നു.നിങ്ങൾ അവതരിപ്പിക്കുമ്പോൾ സദസ്യരുമായി സുദൃഢമായ ഒരു ബന്ധം വികസിപ്പിക്കുക, പ്രസംഗചരചന, പ്രസംഗാവതരണം എന്നിവയിൽ ഈ വഴിത്താരയിലെ പദ്ധതികൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പദ്ധതി നിർവഹണത്തിലെ വിവിധ പടികൾ മനസ്സിലാക്കുന്നതിനും നൂതനമായ പരിഹാരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതികൾ സഹായിക്കുന്നു.നിങ്ങളുടെ ഭാവനയ്ക്ക് അനുസരിച്ചുള്ള "ഉന്നത പ്രകടനമുള്ള നേതൃത്വം" എന്ന പദ്ധതിയിൽ ആണ് ഈ വഴിത്താര പൂർണ്ണമാവുന്നത്.



## നേതൃത്വവികസനം

കഴിവുറ്റ ആശയ സംവേദകനും നേതാവും എന്ന നിലയിൽ നിങ്ങളുടെ കഴിവുകളെ വളർത്തുന്നതിന് ഈ വഴിത്താര സഹായിക്കുന്നു. സമയം എങ്ങനെ പാലിക്കണമെന്ന് പഠിക്കുക, പദ്ധതികൾ വികസിപ്പിക്കുക, നടപ്പിലാക്കുക എന്നിവയിൽ ഈ വഴിത്താരയിലെ പദ്ധതികൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പൊതുപ്രഭാഷണത്തിനും സംഘത്തെ നയിക്കുന്നതിനും എല്ലാ പദ്ധതികളിലും ഊന്നൽ നൽകിയിരിക്കുന്നു. നിങ്ങൾ പഠിച്ചതെല്ലാം പ്രയോഗിക്കാവുന്ന തരത്തിൽ ഒരു ചടങ്ങ് ആസൂത്രണം ചെയ്യുകയും അത് നടപ്പാക്കുകയും ചെയ്യുന്നതോടെയാണ് ഈ വഴിത്താര പൂർണ്ണമാവുന്നത്.



**പ്രചോദന തന്ത്രങ്ങൾ**

ശക്തനും കഴിവുറ്റവനുമായ ഒരു ആശയസംവേദകൻ എന്ന നിലയിൽ നിങ്ങളുടെ കഴിവുകൾ വികസിപ്പിക്കാൻ ഈ വഴിത്താര നിങ്ങളെ സഹായിക്കുന്നു. നിങ്ങളുടെ ചുറ്റുമുള്ളവരുമായി ബന്ധങ്ങൾ വളർത്തുക, പ്രചോദനമെന്തെന്നറിയുക, കൃത്യ നിർവഹണത്തിനായി ചെറുസംഘങ്ങളെ വിജയകരമായി നയിക്കുക എന്നീ തന്ത്രങ്ങൾ പഠിക്കുന്നതിൽ ഈ പദ്ധതികൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.. പൊതുപ്രസംഗത്തിലടക്കമുള്ള നിങ്ങളുടെ എല്ലാവിധ കഴിവുകളെയും ഏകോപിപ്പിച്ച് സമഗ്രമായ ഒരു സംഘരൂപീകരണപദ്ധതിയോടെയാണ് ഈ വഴിത്താര പൂർണ്ണമാവുന്നത്.



**പ്രേരക സ്വാധീനം**

ഈ വഴിത്താര പരിപൂർണനായ പൊതു പ്രഭാഷകൻ എന്ന നിലയിലുള്ള നിങ്ങളുടെ കഴിവുകളെ വളർത്താൻ സഹായിയ്ക്കുന്നു. പരസ്പര ആശയവിനിമയശേഷിയും പൊതുപ്രഭാഷണപാടവവും വളർത്തുന്നതിനോടൊപ്പം പരസ്പര ആലോചനയിലൂടെ ഗുണാത്മകഫലപ്രാപ്തി നേടുന്നതെങ്ങനെ എന്നതിലാണ് ഈ വഴിത്താരയിലെ പദ്ധതികൾ ശ്രദ്ധകേന്ദ്രീകരിക്കുന്നത്. സങ്കീർണ്ണമായ സാഹചര്യങ്ങൾ അഭിമുഖീകരിക്കാനുള്ള നേതൃത്വ പാടവം വികസിപ്പിക്കുന്നതിനോടൊപ്പം വെല്ലുവിളികൾക്ക് നൂതനമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനും ഓരോ പദ്ധതിയും ഊന്നൽ നൽകുന്നു.. നിങ്ങളുടെ ഭാവനയ്ക്ക് അനുസരിച്ചുള്ള "ഉന്നത പ്രകടനമുള്ള നേതൃത്വം" എന്ന പദ്ധതിയിൽ ആണ് ഈ വഴിത്താര പൂർണ്ണമാവുന്നത്..



**അവതരണ പരിജ്ഞാനം**

നിപുണനായ പ്രസംഗകൻ എന്ന നിലയിൽ നിങ്ങളുടെ കഴിവുകൾ കെട്ടിപ്പടുക്കുവാൻ ഈ വഴിത്താര നിങ്ങളെ സഹായിക്കുന്നു. സദസ്യർ നിങ്ങളുമായി എങ്ങനെ പ്രതികരിക്കുന്നു എന്ന് മനസ്സിലാക്കുന്നതിലും സദസ്യരുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിലും ഈ വഴിത്താരയിലെ പദ്ധതികൾ ശ്രദ്ധകേന്ദ്രീകരിക്കുന്നു. പ്രസംഗരചന, പ്രസംഗാവതരണം എന്നിവയടക്കം ഫലപ്രദമായ പൊതുപ്രഭാഷണ തന്ത്രങ്ങളിലുള്ള ധാരണ വികസിപ്പിക്കുന്നതിന് ഈ പദ്ധതികൾ സഹായിക്കുന്നു. നിങ്ങൾ പഠിച്ചതെല്ലാം പ്രയോഗിക്കാൻ അനുവദിക്കുന്ന ഒരു മികച്ച പ്രസംഗത്തോടെയാണ് ഈ വഴിത്താര പൂർണ്ണമാവുന്നത്..



**തന്ത്രപരമായ ബന്ധങ്ങൾ**

ആശയസംവേദനത്തിലെ ഒരു നേതാവ് എന്ന നിലയിൽ നിങ്ങളുടെ കഴിവുകൾ കെട്ടിപ്പടുക്കുവാൻ ഈ വഴിത്താര നിങ്ങളെ സഹായിക്കുന്നു. വൈവിധ്യങ്ങൾ മനസ്സിലാക്കൽ, വിഭിന്ന തരത്തിലുള്ളവരുമായി വ്യക്തിപരവും തൊഴിൽപരവുമായ ബന്ധങ്ങൾ സ്ഥാപിക്കൽ, പൊതുജനസമ്പർക്ക തന്ത്രങ്ങൾ വികസിപ്പിക്കൽ എന്നിവയിൽ ഈ വഴിത്താരയിലെ പദ്ധതികൾ ശ്രദ്ധകേന്ദ്രീകരിക്കുന്നു. മെച്ചപ്പെട്ട രീതിയിൽ പരസ്പര ആശയവിനിമയം ചെയ്ത് ഒരു പൊതുപ്രഭാഷകനാവുക എന്നതിൽ ഓരോ പദ്ധതിയും ഊന്നൽ നൽകുന്നു. ഒരു സന്നദ്ധ സംഘടനയിലെ നേതാവ് എന്ന നിലയിൽ നിങ്ങളുടെ കഴിവുകൾ പ്രയോഗിക്കാവുന്ന ഒരു പദ്ധതിയിലാണ് ഈ വഴിത്താര പൂർണ്ണമാവുന്നത്.




**സംഘ സഹപ്രവർത്തനം**
സഹകരണസന്നദ്ധനായ നേതാവ് എന്ന നിലയിൽ നിങ്ങളുടെ കഴിവുകൾ കെട്ടിപ്പടുക്കു-വാൻ ഈ വഴിത്താര നിങ്ങളെ സഹായിക്കുന്നു. സജീവമായി ശ്രദ്ധിക്കൽ, മറ്റുള്ളവരെ പ്രചോദിപ്പിക്കൽ, ഒരു സംഘവുമായി സഹവർത്തിക്കൽ എന്നിവയിൽ ഈ വഴിത്താരയിലെ പദ്ധതികൾ ശ്രദ്ധകേന്ദ്രീകരിക്കുന്നു. പരസ്പര ആശയവിനിമയ ശേഷിയും പൊതുപ്രഭാഷണ പാടവവും വളർത്തുന്നതിന് ഈ വഴിത്താരയിലെ പദ്ധതികൾ ശ്രദ്ധകേന്ദ്രീകരിക്കുന്നു. പരസ്പര ആശയവിനിമയ ശേഷിയും പൊതുപ്രഭാഷണ പാടവവും വളർത്തുന്നതിന് ഓരോ പദ്ധതിയും സഹായിക്കുന്നു. നിങ്ങളുടെ നേതൃപാടവം പ്രയോഗിക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന ഒരു പദ്ധതിയിലാണ് ഈ വഴിത്താര പൂർണ്ണമാവുന്നത്.




**ദർശനാത്മക ആശയവിനിമയം**
തന്ത്രജ്ഞനായ ആശയസംവേദകനും നേതാവും എന്ന നിലയിൽ നിങ്ങളുടെ കഴിവുകൾ കെട്ടിപ്പടുക്കുവാൻ ഈ വഴിത്താര നിങ്ങളെ സഹായിക്കുന്നു. ഒരു സംഘവുമായി വിവരം പങ്കുവെക്കുന്നതിലുള്ള നിങ്ങളുടെ കഴിവുകൾ വളർത്തൽ, ആശയസംവേദനം ആസൂത്രണം ചെയ്യൽ, നൂതന പരിഹാരങ്ങൾ സൃഷ്ടിക്കൽ എന്നിവയിൽ ഈ വഴിത്താരയിലെ പദ്ധതികൾ ശ്രദ്ധകേന്ദ്രീകരിക്കുന്നു. പ്രസംഗരചനയിലും പ്രസംഗാവതരണത്തിലും ഓരോ പദ്ധതിയും ഊന്നൽ നൽകുന്നു. വ്യക്തിപരമോ തൊഴിൽ പരമോ ആയ ഒരു ദീർഘകാല വീക്ഷണത്തിന്റെ വികസനത്തിലും സമാരംഭത്തിലുമാണ് ഈ വഴിത്താര പൂർണ്ണമാവുന്നത്.

# മലയാളം പിഡിഎഫ് പദ്ധതികൾ കണ്ടെത്തേണ്ടത് എങ്ങനെ

1. ഒരു ഇംഗ്ലീഷ് ഡിജിറ്റൽ വഴിത്താര വാങ്ങുക.
2. Base Camp-ൽ പ്രവേശിക്കുക.
3. മുകളിലത്തെ നാടമേൽ Tutorials and Resources-നു മുകളിൽ കഴ്സർ കൊണ്ടുവരിക.
4. താഴേക്ക് തുറക്കുന്ന വിഭവപട്ടികയിന്മേൽ Tutorials and Resources ക്ലിക്ക് ചെയ്യുക.





5. **Tutorials and Resources എന്ന പ്രദർശനപ്രതലം പ്രത്യക്ഷപ്പെടും.**
6. Subject എന്ന വിഭവപ്പട്ടികയിന്മേൽ Pathways Projects in Additional Languages ക്ലിക്ക് ചെയ്യുക. മലയാളം ക്ലിക്ക് ചെയ്യുക.





7. നിങ്ങൾക്ക് ആവശ്യമുള്ള പദ്ധതി ക്ലിക്ക് ചെയ്ത്, ആരംഭിച്ച് പിഡിഎഫ് നിങ്ങളുടെ ഉപകരണത്തിൽ ഡൗൺലോഡ് ചെയ്യുക.

## ഒരു മലയാളം പി ഡി എഫ് പദ്ധതി പൂർത്തിയാക്കുന്നതിന്റെ അംഗീകാരം ലഭിക്കുന്നതെങ്ങനെ

1. Base Camp -ൽ പ്രവേശിക്കുക.
2. നിങ്ങളുടെ ഇംഗ്ലീഷ് ഡിജിറ്റൽ വഴിത്താരയിലൂടെ സഞ്ചരിക്കുക.
3. മലയാളത്തിൽ നിങ്ങൾ പൂർത്തിയാക്കിയ പദ്ധതി ആരംഭിക്കുക.
4. പദ്ധതി തുറക്കുമ്പോൾ, താളിന്റെ ഏറ്റവും അടിയിലുള്ള താഴേക്ക് തുറക്കുന്ന വിഭവപട്ടികയിൽ കീഴോട്ടുള്ള അസ്ത്രചിഹ്നം ക്ലിക്ക് ചെയ്യുക.
5. ഐച്ഛികങ്ങളിൽ അവസാനത്തേതായ Assess Your skills – After ക്ലിക്ക് ചെയ്യുക.




6. ഓരോ ചോദ്യത്തിനും ഏതെങ്കിലും ഒരു സംഖ്യ തിരഞ്ഞെടുത്തിട്ട് NEXT ബട്ടൺ (വലത്തോട്ടുള്ള അസ്ത്രചിഹ്നം അല്ല) ക്ലിക്ക് ചെയ്യുക.
7. ചുവപ്പ് SUBMIT ബട്ടൺ ദൃശ്യമാവുമ്പോൾ, SUBMIT ക്ലിക്ക് ചെയ്യുക.




8. FEEDBACK ജാലകം തുറക്കും.
9. ടാബോ ജാലകമോ അടയ്ക്കുക.

10. വഴിത്താരാ പാഠ്യപദ്ധതിയുടെ മുഖ്യതാളിൽ ഒരു അടയാളപ്പെട്ടി ദൃശ്യമാവും. വഴിത്താരയുടെയും നിലകളുടെയും പൂർത്തീകരണ സൂചകമായി, ഇടത് വശത്തെ പൂർത്തീകരണ ശതമാനം വർദ്ധിക്കും.





11. പദ്ധതി പൂർണ്ണമെന്ന് കാണിച്ചതിന്റെ സ്ഥിരീകരണമായി ഒരു ഇംഗ്ലീഷ് ഇമെയിൽ നിങ്ങൾക്ക് ലഭിക്കും.


12. മലയാളത്തിൽ പൂർത്തിയാക്കിയ ഓരോ പദ്ധതിയ്ക്കും മുകളിലെ പടികൾ ആവർത്തിയ്ക്കുക.

## നിങ്ങളുടെ ഇംഗ്ലീഷ് ഡിജിറ്റൽ വഴിത്താരയിലെ ഒരു നിലയുടെ അംഗീകാരം എങ്ങനെ നേടാം

1. Base Camp -ൽ പ്രവേശിക്കുക.
2. നിങ്ങളുടെ ഇംഗ്ലീഷ് ഡിജിറ്റൽ വഴിത്താരയിലൂടെ സഞ്ചരിക്കുക.
3. നിങ്ങൾ പൂർത്തിയാക്കാൻ ആഗ്രഹിക്കുന്ന നിലയിലൂടെ സഞ്ചരിക്കുക.
4. പദ്ധതികൾക്ക് താഴെയുള്ള Level # Completion നോക്കുക. Registered എന്ന സ്ഥിതി കാണിക്കും.
5. നില പൂർത്തീകരണം എന്ന ഇനം ആരംഭിക്കുക.




6. പുതിയ ടാബിലോ ജാലകത്തിലോ ഇംഗ്ലീഷ് പി ഡി എഫ് തുറക്കും. ഇത് അവഗണിച്ച് ടാബോ ജാലകമോ അടയ്ക്കുക.
7. നീല Mark Complete ബട്ടൺ ക്ലിക്ക് ചെയ്യുക.





8. Club Central-ൽ നിങ്ങളുടെ അംഗീകാരം നൽകുന്നതിനായി ക്ലബ്ബ് ഭാരവാഹിയെ ഓർമ്മിപ്പിക്കുക.

## നിങ്ങളുടെ ഇംഗ്ലീഷ് ഡിജിറ്റൽ വഴിത്താരയുടെ അംഗീകാരം എങ്ങനെ നേടാം

1. Base Camp -ൽ പ്രവേശിക്കുക.
2. നിങ്ങളുടെ ഇംഗ്ലീഷ് ഡിജിറ്റൽ വഴിത്താരയിലൂടെ സഞ്ചരിക്കുക.
3. Path Completion ക്ലിക്ക് ചെയ്യുക.
4. Reflect on Your Path പദ്ധതി ആരംഭിക്കുക.
5. താഴേക്ക് തുറക്കുന്ന വിഭവപട്ടികയിൽ കീഴോട്ടുള്ള അസ്ത്രചിഹ്നം ക്ലിക്ക് ചെയ്യുക.
6. അവസാനത്തെ ഐച്ഛികമായ Assess Your skills – After ക്ലിക്ക് ചെയ്യുക.




7. ഓരോ ചോദ്യത്തിനും ഏതെങ്കിലും ഒരു സംഖ്യ തിരഞ്ഞെടുത്തിട്ട് NEXT ബട്ടൺ (വലത്തോട്ടുള്ള അസ്ത്രചിഹ്നം അല്ല) ക്ലിക്ക് ചെയ്യുക.
8. ചുവപ്പ് SUBMIT ബട്ടൺ ദൃശ്യമാവുമ്പോൾ, SUBMIT ക്ലിക്ക് ചെയ്യുക.





9. FEEDBACK ജാലകം തുറക്കും.
10. ടാബോ ജാലകമോ അടയ്ക്കുക.


11. വഴിത്താരാ പാഠ്യപദ്ധതിയുടെ മുഖ്യതാളിൽ ഒരു അടയാളപ്പെട്ടി ദൃശ്യമാവും. വഴിത്താരയുടെയും നിലകളുടെയും പൂർത്തീകരണ സൂചകമായി, ഇടത് വശത്തെ പൂർത്തീകരണ ശതമാനം വർദ്ധിക്കും.
12. പദ്ധതി പൂർണ്ണമായതിനെ സ്ഥിരീകരിച്ച് നിങ്ങൾക്ക് ഇംഗ്ലീഷിൽ ഒരു ഇമെയിൽ ലഭിക്കും.
13. Path Completion എന്ന ഇനം ആരംഭിക്കുക..



14. പുതിയ ടാബിലോ ജാലകത്തിലോ ഇംഗ്ലീഷ് പി ഡി എഫ് തുറക്കും. ഇത് അവഗണിച്ച് ടാബോ ജാലകമോ അടയ്ക്കുക.
15. നീല Mark Complete ക്ലിക്ക് ചെയ്യുക.



16. നിങ്ങളുടെ വിദ്യാഭ്യാസ ഉപാദ്ധ്യക്ഷനോ, ക്ലബ് ഈമെയിലിലേക്കോ ഒരു ഈമെയിൽ സ്വയമേ അയയ്ക്കപ്പെടുന്നു. ക്ലബ് അദ്ധ്യക്ഷനോ വിദ്യാഭ്യാസ ഉപാദ്ധ്യക്ഷനോ സെക്രട്ടറിയോ നില പൂർണ്ണമെന്ന് കാണിക്കണം.
17. ക്ലബ്ബ് ഭാരവാഹി നില പൂർണ്ണമെന്ന് കാണിക്കുമ്പോൾ മുഖ്യ വഴിത്താരാപാഠ്യപദ്ധതി താളിൽ ഒരു അടയാളപ്പെട്ടി കാണുകയും സ്ഥിതി Completed എന്നായി മാറുകയും ചെയ്യും. നില പൂർത്തീകരണ തോത് 100% എന്നാകും.
18. നിങ്ങളുടെ പൂർത്തിയാക്കിയ വഴിത്താര ഇപ്പോൾ Paths and Learning ന്റെ Completed താളിൽ കാണും.




19. ക്ലബ്ബ് ഭാരവാഹിയോട് നിങ്ങൾക്കുള്ള അംഗീകാരം Club Central-ൽ നൽകാൻ ഓർമ്മിപ്പിക്കുക.

-.-.-.-.-.-.-.-.-.-.-.-.-.-.-.-.-